പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5304 02-07-2013 - ൽ മറുപടിക്ക്.

## സാഫല്യം ഭവനപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോസഫ് വാഴക്കൻ.<br>" വി.റ്റി. ബൽറാം.<br>" വി.പി. സജീന്ദ്രൻ.<br>" വർക്കല കഹാർ. | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | കേരളത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (BPL) ഭൂ-ഭവന രഹിതരായവർക്ക് പഞ്ചായത്തിൻെറയും സന്നദ്ധസംഘടനകളുടെയും സഹകരണത്തോടെ സർക്കാർ സബ്സിഡിയോടുകൂടി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകികൊണ്ടു അവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുക എന്നതാണ് സാഫല്യം ഭവന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) | എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ദുർബല വിഭാഗങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | സാഫല്യം ഭവനപദ്ധതിയിലെ ഫ്ലാറ്റിൻെറ നിർമ്മാണച്ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1ലക്ഷം രൂപ ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന വായ്പയും (പലിശയടക്കം 168 പ്രതിമാസ തവണകളായി ഗുണഭോക്താവിന് തിരിച്ചടവ് വരുന്നതാണ്) 25,000/- രൂപ സന്നദ്ധസംഘടന വിഹിതവും 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയിലെ ഭൂവികസനച്ചെലവുകളും അടിസ്ഥാന സൗകര്യച്ചെലവുകളും വഹിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. |
| (സി) | പദ്ധതിക്ക് സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | 03/01/2013 - ലെ G.O(Ms)NO.1/2013/Hsg സർക്കാർ ഉത്തരവു പ്രകാരം 900 ഫ്ളാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൻെറ |

ഗുണഭോക്തക്കളെ കണ്ടെത്തുന്നതിന് ജില്ലാതല ഡാറ്റാബാങ്ക് രൂപീകരണത്തിനായി 8 ജില്ലാ ആഫീസുകളിലും രജിസ്ട്രേഷൻ സ്വീകരിച്ചു വരുന്നു. സാഫല്യം പദ്ധതി പ്രകാരം ഹഡ്കോ വായ്പ ലഭിക്കുന്നതിന് ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ഹഡ്കോയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

| ക്രമനമ്പർ | പദ്ധതി | ഫ്ളാറ്റുകളുടെ എണ്ണം | ഹഡ്കോ വായ്പ (ലക്ഷം രൂപ) |
|---|---|---|---|
| 1 | അകലകുന്നം, കോട്ടയം. | 48 | 48.00 |
| 2 | ചാത്തന്നൂർ, കൊല്ലം | 48 | 48.00 |
| 3 | ചേലന്നൂർ, കോഴിക്കോട് | 66 | 66.00 |
| 4 | പുതുക്കാട്, തൃശ്ശൂർ | 72 | 72.00 |
| 5 | തിരുവാലി, മലപ്പുറം | 60 | 60.00 |
| | ആകെ | 294 | 294.00 |

പദ്ധതിയുടെ ഡോക്യുമെൻേറഷൻ സംബന്ധിച്ച് കാര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഹഡ്കോ വായ്പ ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ